**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3139** **25-10-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള പദ്ധതികൾ അനുവദിച്ച ആലത്തൂർ മണ്ഡലത്തിലെ വിദ്യാലയങ്ങളും അനുവദിച്ച തുകയും വ്യക്തമാക്കാമോ? | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധന സഹായത്തോടെ 5 കോടി രൂപ , 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ അനുവദിച്ച് പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യവികസനത്തിനുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതും ഭരണാനുമതി ലഭിച്ചതും, പൂർത്തീകരിച്ചതും, നിർമ്മാണം പുരോഗമിക്കുന്നതുമായ വിവിധ സ്കൂളുകളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. 5 കോടി രൂപ കിഫ്ബി ഫണ്ട്- 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. 3കോടി രൂപ കിഫ്ബി ഫണ്ട്- 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.എച്ച്.എസ്.എസിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ചു. തുടർനടപടികൾ എസ്.പി.വിയായ കില സ്വീകരിച്ചു വരുന്നു. 1കോടിരൂപ കിഫ്ബി ഫണ്ട്- 1കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.മുടപ്പല്ലൂർ - കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജി.എച്ച്.എസ്.കുനിശ്ശേരി - കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജി.യു.പി.എസ്.പുതിയങ്കം - കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>ജി.എച്ച്.എസ്.എസ്.തേൻകുറിശ്ശി - കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ